ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ കണക്കെടുപ്പ്

# മുസ്‌ലിം രാഷ്ട്രീയത്തിന് ദേശീയ കാഴ്ചപ്പാടുണ്ടാവണം

ചര്‍ച്ച ● **സി.കെ അബ്ദുല്‍ അസീസ്**

**ജനാധിപത്യ** സിദ്ധാന്തത്തെയും പ്രയോഗത്തെയും ഭൂരിപക്ഷ-ന്യൂനപക്ഷ ഭേദ വിചാരത്തോടെ വീക്ഷിക്കുന്നത് ശരിയല്ലെങ്കിലും, ഭരണവര്‍ഗങ്ങളുടെ വംശ-മത-ജാതി പക്ഷപാതിത്വങ്ങളെ യാദൃഛിക പ്രതിഭാസങ്ങളെന്ന തരത്തില്‍ അപ്രധാനമായി കാണുന്നതിനെ അപകടകരമായ ഒരു ചിന്താരീതിയായിതന്നെ വിലയിരുത്തേണ്ടതുണ്ട്. ഇന്ത്യയിലെ മതേതര ജനാധിപത്യ ചിന്തകരില്‍ പലരും ഈ തെറ്റായ രീതിയുടെ ഉപാസകരാണ്.

സ്വതന്ത്ര ഇന്ത്യയിലെ ഭരണഘടനയും ജനാധിപത്യവും അതിന്റെ സ്ഥാപനങ്ങളും ഭൂപ്രഭു-നാടുവാഴിത്തത്തിന്റെയും ജാതിമേധാവിത്വത്തിന്റെയും സാമ്പത്തിക അടിത്തറയിലാണ് നിലനില്‍ക്കുന്നതെന്ന വസ്തുതയെക്കുറിച്ച് നെഹ്റു ബോധവാനായിരുന്നുവെങ്കിലും മതേതര രാഷ്ട്രീയത്തിന്റെയും ഭരണത്തിന്റെയും ഇഛാശക്തിക്ക് മതേതര ജനാധിപത്യമെന്ന ആശയത്തെ ഭൗതികശക്തിയാക്കി മാറ്റാനാവുമെന്ന അതിരുകടന്ന വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാല്‍ നെഹ്റുവിന്റെ മതേതര വിശ്വാസത്തിനും നിശ്ചയദാര്‍ഢ്യത്തിനും കോണ്‍ഗ്രസിനുള്ളില്‍പോലും ഭൗതികശക്തിയായി മാറാന്‍ സാധിച്ചില്ല. ഇന്ത്യന്‍ മതേതരത്വത്തിന്റെ സുവര്‍ണ കാലഘട്ടമെന്ന് വിശേഷിപ്പിക്കാവുന്ന നെഹ്റുവിന്റെ ഭരണകാലത്ത് തന്നെയാണ് സംഘ്പരിവാറിന് സാംസ്കാരിക നേതൃത്വ പദവി നല്‍കാന്‍ കോണ്‍ഗ്രസിലാളുകളുണ്ടായത്. 1949-ല്‍ ബാബരി പള്ളിയില്‍ കടന്നുകയറിയ ഫാഷിസ്റ്റ് ശക്തികള്‍ക്കുമുമ്പില്‍ ഓഛാനിച്ചു നിന്ന മുഖ്യമന്ത്രിമാരും മന്ത്രിമാരും ഉന്നത സര്‍ക്കാര്‍ ഉദ്യോഗസ്ഥരുമെല്ലാം നാടുവാണതും അക്കാലത്തു തന്നെ. ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി നെഹ്റു സര്‍ക്കാര്‍ വകയിരുത്തിയ സമ്പദ് വിഭവങ്ങളൊന്നും എത്തേണ്ടിടത്തെത്താതെ സര്‍ക്കാറുദ്യോഗസ്ഥരുടെ മുസ്‌ലിം വിരോധം കാരണം വഴിതിരിഞ്ഞുപോയി എന്ന് ഗോപാല്‍സിംഗ് കമീഷന്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്.

പതിനേഴു വര്‍ഷത്തെ നെഹ്റു ഭരണത്തിന് അദ്ദേഹത്തിന്റെ മരണത്തോടെ തിരശ്ശീല വീണ സമയത്ത് ഇന്ത്യയിലെ കൃഷിയോഗ്യ ഭൂസ്വത്തില്‍ പകുതിയിലധികവും പതിനഞ്ചു ശതമാനം ഭൂസ്വാമിമാരുടെ കൈകളിലായിരുന്നു. ജനാധിപത്യ തത്ത്വങ്ങളുടെ വിത്തുകള്‍ മുളക്കാത്തിടത്ത് മതേതരത്വം താനെ തളിര്‍ക്കുകയും പൂക്കുകയും ചെയ്യുമെന്ന പ്രതീക്ഷകളെ മഹാത്ഭുതങ്ങളായി ആദരിക്കേണ്ടതുണ്ട്. ബാബരി മസ്ജിദ് തകര്‍ന്നെങ്കിലും മതേതരത്വം തകര്‍ക്കപ്പെട്ടിട്ടില്ല എന്ന് മുസ്‌ലിംകളെ വിശ്വസിപ്പിക്കാന്‍ ഇന്ത്യന്‍ രാഷ്ട്രീയത്തിന് സാധിച്ചതും ഈ ശുഭപ്രതീക്ഷയുടെ ഗുണഫലം തന്നെ. ഒരിക്കലും വറ്റാത്ത ഉറവപോലെ ഈ പ്രതീക്ഷകള്‍ ഇന്ത്യന്‍ രാഷ്ട്രീയത്തില്‍ ഇപ്പോഴും ഉണര്‍വിന്റെ ഇറ്റു തുള്ളിയായി നിലനില്‍ക്കുന്നുണ്ടെങ്കില്‍ അതിന്റെ പ്രധാന കാരണം പാര്‍ലമെന്ററി സമ്പ്രദായവും പ്രാതിനിധ്യ ജനാധിപത്യം വാഗ്ദാനം ചെയ്യുന്ന അധികാര പങ്കാളിത്തവുമാണ്.

പക്ഷേ, ഭരണ വര്‍ഗങ്ങളുടെ ഭേദവിചാരങ്ങളെ വളര്‍ത്തി വലുതാക്കാനല്ലാതെ അതിന്റെ അടിത്തറ തകര്‍ക്കാനോ അധികാരത്തിന്റെ ഉന്നത സ്ഥാനങ്ങളില്‍ നിന്ന് അവയെ ആട്ടിയകറ്റാനോ ഇന്ത്യന്‍ പാര്‍ലമെന്ററി സമ്പ്രദായത്തിന് ഇതുവരെ സാധ്യമായിട്ടില്ല. മറിച്ച്, ഭരണവര്‍ഗങ്ങളുടെ ഭേദവിചാരങ്ങളെയെന്ന പോലെ, ജനങ്ങളിലും ഭേദവിചാരങ്ങള്‍ സൃഷ്ടിക്കുന്ന തരത്തിലുള്ള രാഷ്ട്രീയ പ്രവണതകളുമായി സമരസപ്പെട്ടുകൊണ്ട് എല്ലാതരം ഭേദവിചാരങ്ങളുടെയും ഒരു പൊതുവേദിയായിട്ടാണ് ഇന്ത്യന്‍ പാര്‍ലമെന്ററി സമ്പ്രദായം അതിന്റെ അടിസ്ഥാന ദൗര്‍ബല്യങ്ങളെ അതിജീവിച്ചു പോരുന്നത്. ഈ

പൊതുവേദിയുടെ സന്തുലിതത്വം നില നിർത്താനുള്ള ഒരു സമവാക്യമാണ് വാസ്തവത്തിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ മതേതര സിദ്ധാന്തം. ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ച് മുസ്‌ലിംകൾ ഒരു സംഘടിത പക്ഷമായി കടന്നുചെല്ലുന്നത് ഈ പൊതുവേദിയുടെ സന്തുലിതത്വം തകർക്കുകയും സംഘർഷാത്മകമായ സ്ഥിതിവിശേഷം സംജാതമാക്കുകയും ചെയ്യുമെന്ന കാഴ്ചപ്പാടാണ് ന്യൂനപക്ഷ-ഭൂരിപക്ഷ വർഗീയതയുടെ പരസ്പര പൂരക സ്വഭാവത്തെക്കുറിച്ചുള്ള മതേതര രാഷ്ട്രീയ കാഴ്ചപ്പാടിലുള്ളടങ്ങിയിട്ടുള്ളത്.

### അകറ്റിനിർത്തൽ തന്ത്രം

മതന്യൂനപക്ഷങ്ങളെ ഭരണത്തിൽ നിന്നും രാഷ്ട്രീയത്തിൽനിന്നും അകറ്റി നിർത്തുക എന്ന അപ്രഖ്യാപിത രാഷ്ട്രീയ പദ്ധതിയാണ് മതേതരത്വത്തിന്റെ പേരിൽ ഇന്ത്യയിൽ പ്രയോഗത്തിൽ വരുത്തിയത്. പാർലമെന്ററിരീതി മതാത്മക സംഘർഷങ്ങളാൽ ദുർബലമാവരുതെന്ന സദുദ്ദേശ്യം കോൺഗ്രസ് രാഷ്ട്രീയത്തിനുണ്ടെങ്കിലും ഭരണവർഗ താൽപര്യങ്ങളുടെ അതിരുകൾ ലംഘിക്കാനുള്ള ഇച്ഛാശക്തിയുടെ പിൻബലം ഈ സദുദ്ദേശ്യത്തിനില്ലെന്നർഥം. ഹിന്ദുവർഗീയതയോട് സന്ധിയും സമരവും നടത്തുന്ന ഒരു രീതിയാണ് സ്വാതന്ത്ര്യ സമരകാലം മുതൽക്ക് കോൺഗ്രസ് അവലംബിച്ചു പോരുന്നത്. ഹിന്ദുവർഗീയതയോട് നേരിട്ടുള്ള ഒരു രാഷ്ട്രീയ സമരത്തിന് അന്നും ഇന്നും കോൺഗ്രസ് രാഷ്ട്രീയം അശക്തമാണ്. പകരം, അതാത് കാലങ്ങളിൽ അധികാരം നിലനിർത്തുന്നതിനും തെരഞ്ഞെടുപ്പു ജയിക്കുന്നതിനും ആവശ്യമായ വിധത്തിൽ വർഗീയ ശക്തികളെ കൂട്ടുപിടിച്ചും തമ്മിലടിപ്പിച്ചുമാണ് കോൺഗ്രസ് മുന്നോട്ടു പോയത്. പഞ്ചാബിലെ അകാലി രാഷ്ട്രീയത്തോട് കോൺഗ്രസ് സ്വീകരിച്ച സമീപനം നോക്കുക. പഞ്ചാബികളുടെ സാമ്പത്തിക-രാഷ്ട്രീയ പ്രശ്നങ്ങൾക്ക് ഇന്ത്യൻ ഫെഡറൽ സംവിധാനത്തിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് പരിഹാരമാവശ്യപ്പെടുന്ന 1971-ലെ ഹർവിന്ദർ സാഹബ് പ്രമേയത്തെ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അവഗണിച്ചു തള്ളുകയാണുണ്ടായത്. എന്നാൽ '77-ലെ ജനതാ പാർട്ടി ഭരണത്തിനെതിരെ പഞ്ചാബികളുടെ അസഹിഷ്ണുതയെ ഖലിസ്ഥാൻ വാദമായി വളർത്തിക്കൊണ്ടുവരുന്നതിൽ ബിന്ദ്രൻവാലക്ക് താങ്ങും തണലും നൽകിയതും കോൺഗ്രസ് തന്നെ. ജനതാ ഭരണത്തിന് അഞ്ചുവർഷം

**ജനാധിപത്യ വ്യവസ്ഥക്കുള്ളിൽ അധിവസിക്കുന്ന മുസ്‌ലിംകളുടെ രാഷ്ട്രീയ വിചാരങ്ങൾ പണ്ഡിത സമൂഹവുമായി നിരന്തരം സംവാദങ്ങളാവശ്യപ്പെടുന്നുണ്ട്. പ്രത്യേകിച്ചും ജനാധിപത്യവും മുസ്‌ലിംകളും തമ്മിലുള്ള സംഘർഷങ്ങൾ പ്രത്യയശാസ്ത്രതലത്തിൽനിന്നും പ്രായോഗികമായ ഏറ്റുമുട്ടലുകളുടെ ഒരു കാലഘട്ടത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ. ജമാഅത്തെ ഇസ്‌ലാമിയുടെ പുതിയ കാൽവെപ്പുകൾക്ക് ഇന്ത്യൻ മുസ്‌ലിംകളുടെ ആത്മനിഷ്ഠ സാഹചര്യം ശക്തമാക്കുന്നതിൽ കാര്യമാത്രപ്രസക്തമായ സംഭാവനയർപ്പിക്കാൻ സാധിക്കുമെന്നു തന്നെയാണ് പ്രതീക്ഷിക്കേണ്ടത്.**

തികക്കാനായില്ല. ഖലിസ്ഥാൻ വാദം കോൺഗ്രസിനെ തിരിഞ്ഞുകുത്തുകയും സുവർണ ക്ഷേത്രത്തിൽ സർക്കാറിന്റെ ഓപറേഷൻ ബ്ലൂസ്റ്റാറിനു ശേഷം ഇന്ദിരാഗാന്ധിയുടെ ജീവൻ തന്നെ അപഹരിക്കുകയും ചെയ്തു. ഇന്ദിരാഗാന്ധിയുടെ രണ്ടാമൂഴത്തിന് കോൺഗ്രസിനൊപ്പം നിന്നത് ആർ.എസ്.എസ് ആണ്. അടിയന്തരാവസ്ഥ കാലത്ത് ആർ.എസ്.എസിനെ ആഞ്ഞടിച്ച കോൺഗ്രസ് തന്നെ, അധികാരത്തിൽ തിരിച്ചെത്താൻ സംഘ്പരിവാറിനെ ആശ്രയിക്കുന്നതാണ് പിന്നീട് കണ്ടത്.

### മുസ്‌ലിം രാഷ്ട്രീയം ചർച്ചചെയ്യപ്പെടുന്നു

അധികാര പങ്കാളിത്തമടക്കമുള്ള രാഷ്ട്രീയ പ്രശ്നങ്ങളെ സംഘടിതമായി അഭിസംബോധന ചെയ്യാൻ കെൽപുള്ള ശക്തികൾ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഉയർന്നുവരാൻ തുടങ്ങിയതോടെയാണ് മുസ്‌ലിം രാഷ്ട്രീയം ദേശീയ രാഷ്ട്രീയത്തിന്റെ മുഖ്യധാരയിൽ ചർച്ച ചെയ്യപ്പെട്ടു തുടങ്ങിയത്. അധികാര പങ്കാളിത്തത്തെ സംബന്ധിച്ചുള്ള മുസ്‌ലിം പ്രശ്നങ്ങളെ മറ്റു മർദ്ദിത വിഭാഗങ്ങളുടെ സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങളുടെ സമഗ്രതയിൽ വീക്ഷിക്കുന്ന പുതിയ രാഷ്ട്രീയ പരിപ്രേക്ഷ്യം അവതരിപ്പിച്ചുകൊണ്ട് 1993-ൽ അബ്ദുന്നാസിർ മഅ്ദനിയുടെ നേതൃത്വത്തിൽ കേരളത്തിൽ രൂപം കൊണ്ട പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടിയും മതപണ്ഡിതനായ മഅ്ദനിയുടെ രാഷ്ട്രീയ പ്രവർത്തനവും വിവാദ വിഷയമായത് ഇതിനുദാഹരണമാണ്. പിന്നീട് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഇത്തരം കൂട്ടായ്മകൾക്കുള്ള ശ്രമം നടക്കുകയും അവയിൽ ചില പാർട്ടികൾക്ക് തെരഞ്ഞെടുപ്പിൽ വലിയ നേട്ടങ്ങളുണ്ടാക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. മുസ്‌ലിം രാഷ്ട്രീയത്തിന്റെ മൂന്നാംതലമുറയെന്ന് വിശേഷിപ്പിക്കാവുന്ന ഈ മുന്നേറ്റങ്ങൾ പാർലമെന്ററി സമ്പ്രദായത്തിന്റെ സാധ്യതകളെ കൂടുതൽ വികസ്വരമാക്കിത്തീർത്തിട്ടുണ്ടെന്നത് തർക്കമറ്റ കാര്യമാണ്. വർഗീയതയെ മറികടക്കാൻ ഈ മുന്നേറ്റങ്ങൾക്ക് സാധ്യമായിട്ടുണ്ടെന്നത് അതിനെക്കാൾ പ്രാധാന്യമർഹിക്കുന്ന രാഷ്ട്രീയ നേട്ടമാണ്. മുസ്‌ലിംകളുടെ സംഘടിത മുന്നേറ്റങ്ങളോടുള്ള മതേതര വാദത്തിന്റെ സമീപനങ്ങളെ ഗുണപരമായി സ്വാധീനിക്കാൻ മുസ്‌ലിം രാഷ്ട്രീയത്തിന്റെ ഈ ഭാവമാറ്റംകൊണ്ട് സാധ്യമാവുമെന്ന് തന്നെയാണ് പ്രതീക്ഷിക്കേണ്ടത്. മുസ്‌ലിം വർഗീയത വേരറ്റുപോയി എന്നല്ല ഇതിനർഥം. മുസ്‌ലിംകളെ വർഗീയവത്കരിക്കുന്ന ഘടകങ്ങളെ അശക്തമാക്കാൻ ഈ മുന്നേറ്റങ്ങൾക്ക് സാധിച്ചിട്ടുണ്ടെന്നത് തീർച്ചയാണ്. കേരളത്തിലെ മുസ്‌ലിം സമൂഹത്തിന്റെ അടിത്തട്ടിൽ രാഷ്ട്രീയാധികാര പ്രശ്നം ഒരു വിവാദവിഷയമാവുന്നത് ഒരുപക്ഷേ പി.ഡി.പിയുടെ ആവിർഭാവത്തിന് ശേഷമാണ്. സാമൂഹിക നീതിയിലും സാമ്പത്തിക നീതിയിലും കേന്ദ്രീകരിച്ചുകൊണ്ടാണ് മുസ്‌ലിംകൾ ഇന്ന് രാഷ്ട്രീയം ചർച്ചക്കെടുക്കുന്നത്. പണ്ടിതായിരുന്നില്ല സ്ഥിതി. ഇന്ത്യൻ ഭരണഘടനയുടെ 29, 30 ഖണ്ഡികകൾ ഇന്ത്യൻ മുസ്‌ലിംകളുടെ വർത്തമാനവും ഭാവിയുമാണെന്ന നിലപാടായിരുന്നു മുമ്പുണ്ടായിരുന്നത്. മത-സാംസ്കാരിക പ്രശ്നങ്ങളല്ലാതെ മുസ്‌ലിംകൾക്ക് മറ്റൊന്നും ചർച്ച ചെയ്യാനില്ലെന്ന അധഃസ്ഥിതാവസ്ഥക്കിന്ന് അറുതിവന്നിരിക്കുന്നു. ഇന്ത്യയെപോലുള്ള ബഹുമത ജനാധിപത്യ സമൂഹങ്ങളിൽ മുസ്‌ലിം സ്വത്വം രാഷ്ട്രീയവൽക്കരിക്കപ്പെടേണ്ടതിന്റെ ആവശ്യകത വളരെ വൈകിയാണെങ്കിലും തിരിച്ചറിയാൻ മുസ്‌ലിംകൾക്ക് സാധിച്ചുവെന്നാണിത് വെളിപ്പെടുത്തുന്നത്.

എൺപതുകളുടെ അന്ത്യത്തോടെ ദേശീയ രാഷ്ട്രീയത്തിന്റെ ബലതന്ത്രത്തെ തന്നെ മാറ്റിമറിച്ചുകൊണ്ട് അവർണ രാഷ്ട്രീയം ശക്തിയാർജിച്ചതും 1989-ലെ പൊതു തെരഞ്ഞെടുപ്പിലും ഉത്തർപ്രദേ

ശിലെ നിയമസഭാ തെരഞ്ഞെടുപ്പിലും അവർണ രാഷ്ട്രീയ ശക്തികൾ കൈവരിച്ച നേട്ടങ്ങളുമാണ് മുസ്‌ലിംകളുടെ രാഷ്ട്രീയ വിചാരത്തെ പരിണാമോന്മുഖമാക്കിത്തീർത്തത്. യഥാർഥത്തിൽ 1989-ലെ ജനതാദൾ സർക്കാറിനെ അധികാരത്തിലെത്തിക്കുന്നതിലും യു.പിയിലെ ബി.എസ്.പി-എസ്.പി കൂട്ടുകെട്ടിനെ അധികാരത്തിലെത്തിക്കുന്നതിലും മുസ്‌ലിംകളുടെ രാഷ്ട്രീയ ഇടപെടലുകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. മുലായംസിംഗിന്റെ സമാജ്‌വാദിക്കും കൻഷിറാമിന്റെ ബഹുജൻ സമാജ്‌വാദിക്കും മുസ്‌ലിം പിന്തുണയുറപ്പാക്കാനായതിന്റെ ഫലമായിട്ടാണ് യു.പിയിൽ കോൺഗ്രസിന്റെ അടിത്തറ തകർന്നത്. ബ്രാഹ്മണ പിന്തുണ ബി.ജെ.പി നേടിയെടുക്കുകയും ചെയ്തു. എസ്.പി-ബി.എസ്.പി ബന്ധം വൈരുധ്യത്തിലേക്ക് നീങ്ങിയതോടെ മുസ്‌ലിംകളുടെ സജീവ സാന്നിധ്യം ഇരു കൂട്ടരുടെയും നിലനിൽപിന് അത്യന്താപേക്ഷിതമായിത്തീർന്നു. മുസ്‌ലിം സമൂഹത്തിന്റെ മേൽ തട്ടിനെയും കീഴ്ത്തട്ടിനെയും രാഷ്ട്രീയമായി സക്രിയമാക്കാൻ എസ്.പി-ബി.എസ്.പി വൈരുധ്യങ്ങൾക്ക് കഴിഞ്ഞു. ആ വൈരുധ്യം ദളിത്-പിന്നാക്ക-ന്യൂനപക്ഷ കൂട്ടായ്മയെ തകർക്കുകയല്ല മറിച്ച്, രണ്ട് തലങ്ങളിലായി അത് ശക്തിപ്പെടുകയാണുണ്ടായത്. അതിന്റെ രാഷ്ട്രീയ ജയപരാജയങ്ങളേക്കാളേറെ യു.പിയിലും ഗംഗാസമതലസംസ്ഥാനങ്ങളിലാകെയും ജനാധിപത്യ രാഷ്ട്രീയത്തിനും കിടമത്സരങ്ങൾക്കും അവർഗീയമായ ഒരു സാമൂഹിക പരിസരം നിർമിക്കുന്നതിലേക്ക് വളരാനുള്ള പ്രവണതകൾ അത് പ്രദർശിപ്പിച്ചിരുന്നു. ഈ സാഹചര്യത്തെ ഏതുവിധേനയും തകർക്കുക എന്ന രാഷ്ട്രീയ ലക്ഷ്യത്തോടെയാണ് ബാബരി മസ്ജിദ് ധ്വംസനം അരങ്ങേറുന്നത്. ജനാധിപത്യ രാഷ്ട്രീയത്തിന്റെ സാമൂഹിക പരിസരം അവർഗീയമായി പുനർനിർമിക്കപ്പെടുന്നതിനെ ബി.ജെ.പി മാത്രമല്ല, കോൺഗ്രസ് രാഷ്ട്രീയവും ആപൽക്കരമായിട്ടാണ് വീക്ഷിച്ചത്. ബാബരി മസ്ജിദിന്റെ തകർച്ചക്ക് കോൺഗ്രസ് കളമൊരുക്കിക്കൊടുക്കാൻ കാരണമതാണ്.

വർഗീയ ധ്രുവീകരണം സൃഷ്ടിക്കാനുള്ള കോൺഗ്രസ്-ബി.ജെ.പി പദ്ധതി താൽക്കാലിക വിജയംകണ്ടെങ്കിലും മുസ്‌ലിംകളിൽ വർഗീയ വികാരം കുത്തിവെക്കുന്നതിൽ ഈ ഗൂഢപദ്ധതി വിജയം കണ്ടില്ല. കോൺഗ്രസും ബി.ജെ.പിയും ഉദ്ദേശിച്ചതിന് നേർവിപരീതമായ പ്രതികരണമാണ് മുസ്‌ലിംകളിൽനിന്നുണ്ടായത്. അധികാര പങ്കാളിത്തത്തിന്റെ പ്രശ്നത്തിന് ഒരു ഫാഷിസ്റ്റ് വിരുദ്ധ കാഴ്ചപ്പാടുണ്ടാവേണ്ടത് അനിവാര്യമാണെന്ന ചിന്താഗതി ബാബരി ധ്വംസനത്തിന് ശേഷം ശക്തിപ്രാപിച്ചുവെന്ന് മാത്രമല്ല, കോൺഗ്രസ് രാഷ്ട്രീയത്തിന്റെ മതേതര സ്വഭാവത്തിലുള്ള അന്ധവിശ്വാസം മുസ്‌ലിംകൾ ഉപേക്ഷിക്കുകയും ചെയ്തു. ഭരണവർഗങ്ങളുടെ ഭേദവിചാരങ്ങളുമായി സമരസപ്പെട്ടുകൊണ്ട് ഫാഷിസ്റ്റ് രാഷ്ട്രീയത്തിന്റെ മുന്നേറ്റത്തെ ചെറുക്കാൻ സാധ്യമല്ലെന്ന ചിന്താഗതി പാർലമെന്ററി മര്യാദകളുടെ സീമകൾ ലംഘിക്കാൻ തുടങ്ങിയ കാലഘട്ടത്തിൽ അതിനെ നിയന്ത്രണ വിധേയമാക്കാൻ മുസ്‌ലിംകൾക്ക് സാധിച്ചത് പുതിയ രാഷ്ട്രീയ പ്രവണതകളുടെ പരിണിത ഫലമായിട്ടാണ്.

> **സമ്പദ് വ്യവസ്ഥയിലെ മുതലാളിത്ത വികസന പ്രവണതകളെ അതിന്റെ വൈദേശിക യജമാനന്മാരുടെ താൽപര്യങ്ങളിൽനിന്നും മോചിപ്പിക്കുകയും ജനാധിപത്യ വളർച്ചയിൽ രാജ്യത്തിന്റെയും ജനങ്ങളുടെയും താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യേണ്ടത് അടിയന്തര പ്രാധാന്യമർഹിക്കുന്നു.**

## പ്രാദേശികവൽക്കരിക്കപ്പെടുന്ന അധികാര പങ്കാളിത്തം

അധികാര പങ്കാളിത്തത്തെ ഒരു പ്രാദേശിക പ്രശ്നമായി കാണുന്ന പ്രാദേശികവൽക്കരണ പ്രവണതയാണ് ചർച്ച ചെയ്യപ്പെടേണ്ട മറ്റൊരു വിഷയം. പാർലമെന്റിനെയല്ല, നിയമസഭകളെയാണ് മുസ്‌ലിം രാഷ്ട്രീയം പൊതുവിൽ ഉന്നംവെക്കുന്നത്. മുസ്‌ലിം ലീഗിന്റെ കാര്യംതന്നെ നോക്കുക. മലബാറിലെ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളാണ് ലീഗിന്റെ ഏകാശ്രയം. യു.ഡി.എഫിലെ രണ്ടാം കക്ഷിയായ മുസ്‌ലിംലീഗിന് കേരളത്തിലെ മുസ്‌ലിം പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ ന്യായമായും നാല് പാർലമെന്റ് സീറ്റുകൾ ആവശ്യപ്പെടാവുന്നതാണ്. അതാവശ്യപ്പെടാൻ ലീഗ് സന്നദ്ധമല്ല. യു.ഡി.എഫ് അതിന് തയാറാവുമോ എന്നത് രണ്ടാമത്തെ കാര്യമാണ്. ലീഗ് മോഡൽ പ്രാദേശികവൽക്കരണം പുതിയ പ്രസ്ഥാനങ്ങളെയും ബാധിച്ചിട്ടുണ്ട്. ദേശീയ രാഷ്ട്രീയ കാഴ്ചപ്പാട് അവതരിപ്പിച്ചുകൊണ്ടു രംഗത്തുവന്ന പി.ഡി.പിയും ഐ.എൻ.എല്ലും കേരളത്തിൽ ചുരുങ്ങിപ്പോയത് ഇതുകൊണ്ടാണ്.

ഇന്ത്യൻ ഫെഡറലിസത്തിൽ രാഷ്ട്രീയ അധികാരം നിയന്ത്രിക്കപ്പെടുന്നതും വിഭവാധികാരത്തിന്റെ ജനാധിപത്യപരമായ വികേന്ദ്രീകരണത്തിനാവശ്യമായ നിയമ നിർമാണങ്ങൾ നടക്കുന്നതും പാർലമെന്റിലാണ്. നിലവിലുള്ള പാർലമെന്ററി ഘടനയും നിയോജക മണ്ഡലങ്ങളിലെ മുസ്‌ലിംകളുടെ പ്രാതിനിധ്യസ്വഭാവവും പരിശോധിച്ചാൽ മുസ്‌ലിംകൾക്ക് പാർലമെന്റിൽ അർഹമായ പ്രാതിനിധ്യം നേടിയെടുക്കാനുള്ള വഴി ദുഷ്കരമാണ്. മുസ്‌ലിം രാഷ്ട്രീയത്തിന്റെ പ്രാദേശികവൽക്കരണം പ്രോത്സാഹിപ്പിക്കുന്ന പ്രമുഖ ഘടകമാണിത്. സമുദായങ്ങൾക്കുള്ളിലെ വർഗരൂപീകരണവും മേൽത്തട്ടുകാരിൽ അതുണ്ടാക്കുന്ന അധികാരവാഞ്ഛയുടെ അതിപ്രസരവുമാണ് പ്രാദേശികമായി അധികാര പങ്കാളിത്തം കരസ്ഥമാക്കാനുള്ള പ്രവണതകളെ ഊർജിതമാക്കുന്ന മറ്റൊരു ഘടകം. അധികാര പങ്കാളിത്തമുറപ്പിക്കാതെ ഭരണത്തിന്റെ ഗുണഭോക്താക്കളാകാൻ ഇന്ത്യൻ ജനാധിപത്യത്തിൽ സാധ്യത കുറവാണ്. പാർസി, ജൈന സമുദായങ്ങളുടെ ജനസംഖ്യാ മുരടിപ്പിനെ ഉദാഹരിച്ചുകൊണ്ട് മൈനോറിറ്റി കമീഷൻ (1983) ഈ വസ്തുതയുടെ ഗൗരവം വിശദമാക്കിയിട്ടുണ്ട്.

## മുസ്‌ലിം രാഷ്ട്രീയത്തിന്റെ കേന്ദ്ര വിഷയമാവേണ്ടത്

ഏതു വിധേനയും അധികാര പങ്കാളിത്തമുറപ്പിക്കുകയെന്ന അജണ്ടയുടെ അടിസ്ഥാനത്തിലാണോ മുസ്‌ലിം രാഷ്ട്രീയത്തിന്റെ ദേശീയ കാഴ്ചപ്പാടിന് രൂപംനൽകേണ്ടത് എന്ന സ്വാഭാവികമായ ചോദ്യം ഇവിടെ ഉയർന്നുവരുന്നുണ്ട്. പ്രാദേശികമോ ദേശീയമോ ആയ അധികാരമില്ലായ്മയിൽ നിന്നല്ല മുസ്‌ലിം രാഷ്ട്രീയത്തിന്റെ മൗലിക പ്രമേയം ഉയർന്നുവരേണ്ടത് എന്നാണതിനു ഉത്തരം. ഭരണവർഗങ്ങളുടെ ഭേദവിചാരങ്ങളുടെ പരിണിതഫലമായി ജനങ്ങളിൽ ഒരുവിഭാഗം അധികാരവും അവകാശവുമില്ലാത്തവരായി അധഃസ്ഥിതരാക്കപ്പെടുന്ന വ്യവസ്ഥകളിൽ മുസ്‌ലിംകൾ എന്തുചെയ്യണമെന്നതാണ് മുസ്‌ലിം രാഷ്ട്രീയത്തിന്റെ കേന്ദ്രവിഷയം. വ്യവസ്ഥ ഏതായാലും നിർദിഷ്ട വ്യവസ്ഥകളിൽ മനുഷ്യോൽകൃഷ്ടതയു

ടെ വളർച്ചക്കനുഗുണമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ രചനാത്മക പങ്കാളിത്തം വഹിച്ച ചരിത്ര പാരമ്പര്യമുള്ളവരാണ് മുസ്‌ലിംകൾ. ഇതിന് വിപരീതമായി വ്യവസ്ഥയോട് നിഷ്‌ക്രിയ പ്രതിരോധത്തിലേർപ്പെട്ടുകൊണ്ട് സ്വയം വിഛേദിത സമൂഹമായി നിലനിന്ന ചരിത്രവും മുസ്‌ലിംകൾക്കുണ്ട്. സ്വാതന്ത്ര്യത്തിനു മുമ്പും സ്വാതന്ത്ര്യത്തിനു ശേഷവുമുള്ള ഇന്ത്യയിലെ മുസ്‌ലിം നേതൃത്വം ഈ രണ്ടു രൂപങ്ങളെയും പ്രതിനിധാനം ചെയ്യുന്നുണ്ട്. മുസ്‌ലിംകളുടെ ആത്മനിഷ്ഠ സാഹചര്യം ശക്തമാക്കുന്നതിലും അശക്തമാക്കുന്നതിലും മതപണ്ഡിതർ നിർവഹിച്ച പങ്കാളിത്തവും ഈയർഥത്തിൽ പരസ്പര വിരുദ്ധമാണ്. പണ്ഡിത സമൂഹത്തെ വഴികാട്ടിയായോ ഗുരുനാഥനായോ കണക്കാക്കുന്ന ഒരു സാമൂഹികശീലം മുസ്‌ലിംകൾക്കുണ്ട്. വിശുദ്ധ ഖുർആനിലൂടെയും പ്രവാചകചര്യയിലൂടെയും ആവിഷ്‌കരിക്കപ്പെട്ട ഒരു പ്രപഞ്ചവീക്ഷണമാണതിന്റെ മൂലാധാരം. അതുകൊണ്ടുതന്നെ, ജനാധിപത്യ വ്യവസ്ഥക്കുള്ളിൽ അധിവസിക്കുന്ന മുസ്‌ലിംകളുടെ രാഷ്ട്രീയ വിചാരങ്ങൾ പണ്ഡിത സമൂഹവുമായി നിരന്തരം സംവാദങ്ങളാവശ്യപ്പെടുന്നുണ്ട്. പ്രത്യേകിച്ചും ജനാധിപത്യവും മുസ്‌ലിംകളും തമ്മിലുള്ള സംഘർഷങ്ങൾ പ്രത്യയശാസ്ത്രതലത്തിൽ നിന്നും പ്രായോഗികമായ ഏറ്റുമുട്ടലുകളുടെ ഒരു കാലഘട്ടത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ. ജമാഅത്തെ ഇസ്‌ലാമിയുടെ പുതിയ കാൽവെപ്പുകൾക്ക് ഇന്ത്യൻ മുസ്‌ലിംകളുടെ ആത്മനിഷ്ഠ സാഹചര്യം ശക്തമാക്കുന്നതിൽ കാര്യമാത്രപ്രസക്തമായ സംഭാവനയർപ്പിക്കാൻ സാധിക്കുമെന്നു തന്നെയാണ് പ്രതീക്ഷിക്കേണ്ടത്.

മനുഷ്യോൽകൃഷ്ടതയുടെ മേൽക്കുമേൽ വളർച്ച വിഭാവനം ചെയ്യുന്ന പ്രത്യയശാസ്ത്രമല്ല ജനാധിപത്യം. മുതലാളിത്ത മൂലധനത്തിന്റെ താൽപര്യങ്ങളാണ് ജനാധിപത്യത്തിന്റെ സൈദ്ധാന്തിക അടിത്തറ. പരിഷ്‌കൃത ചൂഷണ സമ്പ്രദായത്തിന്റെ നിലനിൽപിനും വളർച്ചക്കും അനിവാര്യമായ സാമൂഹിക പങ്കാളിത്തമുറപ്പാക്കുന്ന വിധത്തിൽ സാമ്പത്തിക-സാമൂഹിക ബന്ധങ്ങളെ പുനഃസംഘടിപ്പിച്ചുകൊണ്ടാണ് ജനാധിപത്യം ചരിത്രത്തിൽ സ്ഥാപിതമായത്. ഈ പ്രക്രിയയിൽ പ്രഭു-നാടുവാഴിത്ത വ്യവസ്ഥ സാമ്പത്തിക രംഗത്തും സാമൂഹിക രംഗത്തും അടിച്ചേൽപ്പിച്ച ഭേദവിചാരങ്ങളെ ഉന്മൂലനം ചെയ്യുന്ന ഒരു വിപ്ലവശക്തിയായി ചരിത്രത്തിലിടംനേടാൻ ജനാധിപത്യത്തിന് സാധിച്ചിട്ടുണ്ട് എന്നത് യാഥാർഥ്യമാണ്. ഇങ്ങനെയൊരു വിപ്ലവ പ്രക്രിയയിലൂടെയല്ല ഇന്ത്യയിൽ ജനാധിപത്യം നിലവിൽവന്നത്. ഭേദവിചാരങ്ങളുടെ ഭൂപ്രഭു-നാടുവാഴിത്ത അടിത്തറ ജനാധിപത്യ രാഷ്ട്രീയത്തിന്റെയും അടിത്തറയായി മാറിയ ചരിത്രമാണ് ഇന്ത്യയിലുള്ളത്.

ആഗോളവൽക്കരണ കാലഘട്ടത്തിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഈ ഭൂപ്രഭു-നാടുവാഴിത്ത അടിത്തറ തകർക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെന്നത് യാഥാർഥ്യമാണ്. പക്ഷേ, ഈ തകർച്ച ഒരു വിപ്ലവ പ്രക്രിയയിലൂടെയല്ല സംഭവിക്കുന്നത്. മറിച്ച് പ്രതിവിപ്ലവകരമാണ് അതിന്റെ ഉള്ളടക്കം. ജനങ്ങളതിൽ പങ്കാളികളല്ല; ഇരകളാണ്.

ആഗോള ജനാധിപത്യക്രമം തന്നെ ഇന്ന് മുതലാളിത്തത്തിന്റെ ചൂഷണ താൽപര്യങ്ങൾക്കതീതമായ ഭരണവർഗ ഭേദവിചാരങ്ങളുടെ ഒരു അവ്യവസ്ഥയായി മാറിക്കഴിഞ്ഞിട്ടുണ്ട്. ഗ്വാണ്ടനാമോ തടവറയിലെ ടോയ്‌ലറ്റുകളിൽ വിശുദ്ധ ഖുർആൻ പേജുകൾ കീറി ഉപയോഗിക്കുന്നത് ഏതെങ്കിലും സൈനികരുടെ വൈകൃതമായി ലഘൂകരിക്കാനാവാത്ത കാര്യമാണ്. പരിഷ്‌കൃത മുതലാളിത്തത്തിന്റെ വർഗചോദനകളെ അതിലംഘിക്കുന്ന ഒരപരിഷ്‌കൃത ഭരണപക്ഷം ജനാധിപത്യ വ്യവസ്ഥയുടെ ലോകക്രമത്തിൽ മേൽക്കൈ നേടിയിട്ടുണ്ട്. മുസ്‌ലിംകളെ വേട്ടയാടുന്നത് പുതിയ ജനാധിപത്യ മര്യാദയായി രൂപംപ്രാപിച്ചിട്ടുണ്ട്. വാസ്തവത്തിൽ സാമ്പത്തിക പ്രതിസന്ധിയെക്കാൾ രൂക്ഷമായ രാഷ്ട്രീയ പ്രതിസന്ധിയെയാണ് ലോകമുതലാളിത്തം ഇന്നഭിമുഖീകരിക്കുന്നത്. ഇന്ത്യൻ ഭരണകൂടം ലോകമുതലാളിത്തത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾക്കും രാഷ്ട്രീയ താൽപര്യങ്ങൾക്കും നിരുപാധികം വഴങ്ങിക്കൊണ്ടും സമരസപ്പെട്ടുകൊണ്ടുമാണ് മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നത്. സച്ചാർ പരിഷ്‌കാരങ്ങൾക്കൊപ്പം ഭീകര നിയമങ്ങളും നടപ്പിലാക്കിക്കൊണ്ട് മുസ്‌ലിംകളുടെ സാമൂഹിക സുരക്ഷിതത്വം അപകടപ്പെടുത്തുന്ന ഒരു ജനാധിപത്യരീതി ഇന്ത്യയിലും സ്ഥിരപ്രതിഷ്ഠമായിത്തുടങ്ങിയിട്ടുണ്ടെന്ന് സാരം. സമ്പദ് വ്യവസ്ഥയിലെ മുതലാളിത്ത വികസന പ്രവണതകളെ അതിന്റെ വൈദേശിക യജമാനന്മാരുടെ താൽപര്യങ്ങളിൽനിന്നും മോചിപ്പിക്കുകയും ജനാധിപത്യ വളർച്ചയിൽ രാജ്യത്തിന്റെയും ജനങ്ങളുടെയും താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യേണ്ടത് അടിയന്തര പ്രാധാന്യമർഹിക്കുന്നു.

ലോകത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ ജനാധിപത്യ വിപ്ലവം ലോക ജനാധിപത്യ ക്രമത്തിന്റെ പുനഃസംഘടനക്ക് വേണ്ടിയുള്ള കൂട്ടായ യത്നമാണ്. മുതലാളിത്തത്തെ അതിന്റെ പ്രഖ്യാപിത മൂല്യങ്ങളിലും മര്യാദകളിലും ഉറപ്പിച്ചു നിർത്തുകയെന്നതാണതിന്റെ ലക്ഷ്യം. ആംഗ്ലോ-അമേരിക്കൻ-സയണിസ്റ്റ് അച്ചുതണ്ടിന്റെ പിടിയിൽനിന്ന് മുതലാളിത്തത്തെ മോചിപ്പിക്കാതെ മനുഷ്യരാശിക്കു സുരക്ഷിതമായി നിലനിൽക്കാനാവില്ലെന്ന സ്ഥിതിയാണ്. സാർവദേശീയമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ വിപ്ലവ പ്രക്രിയയെ ശക്തമാക്കാൻ ഇന്ത്യൻ ജനതയുടെയും ഭരണകൂടത്തിന്റെയും പിന്തുണയുറപ്പാക്കുക എന്ന ചരിത്ര ദൗത്യമാണ് ഇന്ത്യയിലെ മുസ്‌ലിംകളിൽ അർപ്പിതമായിട്ടുള്ളത്. ഭരണവർഗങ്ങളുടെ ഭേദവിചാരങ്ങൾക്കെതിരെ സംഘടിത രാഷ്ട്രീയത്തിന്റെ സമരമുഖം തുറക്കാതെയും പാർലമെന്ററി ജനാധിപത്യ രീതിയെ ജനാധിപത്യത്തിന്റെ പ്രഖ്യാപിത മൂല്യങ്ങളിൽ ഉറപ്പിച്ചു നിർത്താതെയും ഈ ദൗത്യം ഫലപ്രദമായി നിർവഹിക്കാനാവുകയില്ല. അധികാര പങ്കാളിത്തമുറപ്പുവരുത്തുകയെന്ന ലക്ഷ്യം ഈയർഥത്തിൽ ജനാധിപത്യ മൂല്യങ്ങളുടെ സംസ്ഥാപനവുമായി ബന്ധപ്പെട്ടതാണ്. പാർലമെന്ററി സമ്പ്രദായത്തെ അവർഗീയമായ ഒരു സാമൂഹിക പശ്ചാത്തലത്തിൽ പുനഃസംഘടിപ്പിക്കുന്ന ജനാധിപത്യ വിപ്ലവത്തിന്റെ മുഖ്യവശമായി അധികാരമില്ലാത്തവരുടെ അധികാരവൽക്കരണത്തെ കാണേണ്ടതുണ്ട്. മുസ്‌ലിം രാഷ്ട്രീയത്തിന്റെ മൗലിക പ്രത്യയം ആവിഷ്‌കരിക്കുന്നതിൽ ഇസ്‌ലാമിക വിചാരങ്ങൾക്ക് നിർണായക പങ്കുവഹിക്കാനുണ്ടെന്നും മനസ്സിലാക്കേണ്ടതുണ്ട്. ■

(പി.ഡി.പിയുടെ മുൻ വർക്കിംഗ് ചെയർമാനാണ് ലേഖകൻ)